(സി) അവർക്കു തൊഴിൽ നൽകുവാൻ ഗവൺമെന്റിനു എന്തെങ്കിലും പദ്ധതിയുണ്ടോ ; വിശദീകരിക്കാമോ ?

ഉത്തരം

(എ) അക്കാഡമിക് ഡീലിങ്കിംഗ് പൂർത്തിയായ പഞ്ചാത്തലത്തിൽ പ്രൈവറ്റ് രജിസ്ട്രേഷൻ നടത്തി എക്സാം കണ്ടക്ട് ചെയ്യാൻ യൂണിവേഴ്സിറ്റികൾക്ക് കഴിയുകയില്ല.

(ബി) ട്യൂട്ടോറിയൽ അദ്ധ്യാപകർ സർക്കാർ ഉദ്യോഗസ്ഥൻമാരല്ലാത്തതുകൊണ്ട് അത് സംബന്ധിച്ച കണക്ക് സർക്കാരിൽ ലഭ്യമല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

പുതിയ കോളേജുകളും കോഴ്സുകളും

(480) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ജോണി നെല്ലൂർ :
ശ്രീമതി കെ. ആർ. ഗൗരിയമ്മ :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 2000-2001 അദ്ധ്യായന വർഷത്തിൽ പുതിയ കോളേജുകളും കോഴ്സുകളും ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ ;

(ബി) വിവിധ യൂണിവേഴ്സിറ്റികൾ ഇതു സംബന്ധമായി സമർപ്പിച്ചിട്ടുള്ള ലിസ്റ്റിന്റെ പകർപ്പ് മേശപ്പുറത്തു വയ്ക്കുമോ ;

(സി) എന്നത്തേയ്ക്ക് ഇവ അനുവദിക്കുന്നതിനാണ് ഗവൺമെന്റ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഇപ്പോൾ ആലോചിക്കുന്നില്ല.

ശാസ്ത്ര സാങ്കേതിക മ്യൂസിയം വക വാഹനങ്ങൾ

(482) ശ്രീ. ഇ. എം. അഗസ്തി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ശാസ്ത്ര സാങ്കേതിക മ്യൂസിയം വക വാഹനങ്ങൾ ഓഫീസ് സമയം കഴിഞ്ഞാൽ എവിടെയാണ് സൂക്ഷിക്കാറുള്ളത് ;

(ബി) മ്യൂസിയത്തിനു പുറത്ത് അനധികൃതമായി വാഹനം രാത്രി കാലങ്ങളിൽ സൂക്ഷിക്കുന്ന ജീവനക്കാരന് എതിരെ നടപടി കൈക്കൊള്ളുമോ ;

(സി) വാഹനത്തിന്റെ ഡ്രൈവർക്ക് വാഹനം ഓഫീസ് സമയം കഴിഞ്ഞ് ഇഷ്ടാനുസരണം സൂക്ഷിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടെങ്കിൽ ആയതിന്റെ ഒരു പകർപ്പ് ലഭ്യമാക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) മ്യൂസിയം വക മൂന്ന് വാഹനങ്ങളിൽ ഒരു കാർ ഓഫീസ് കോംപൗണ്ടിലും, മറ്റൊരു കാർ ശാസ്ത്ര സാങ്കേതിക മ്യൂസിയം ചെയർമാൻ ഉപയോഗപ്പെടുത്തുമ്പോൾ ഗവൺമെന്റ് സെക്രട്ടറിയറ്റ് കോംപൗണ്ടിലും മറ്റവസരങ്ങളിൽ മ്യൂസിയം കോംപൗണ്ടിലും സൂക്ഷിക്കുന്നു. മൊബൈൽ സയൻസ് എക്സിബിഷൻ ബസ്, എക്സിബിഷൻ നടക്കുന്ന അവസരങ്ങളിൽ ആ സ്ഥലങ്ങളിലും ഇല്ലാത്തപ്പോൾ മ്യൂസിയം കോംപൗണ്ടിലും സൂക്ഷിക്കുന്നു.

(ബി) അനധികൃതമായി സൂക്ഷിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) അനുമതി നൽകിയിട്ടില്ല.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ക്ലാസ്സ് 4 ജീവനക്കാരുടെ പ്രമോഷൻ

(484) ശ്രീ. പി. ജെ. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും മരാമത്തും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയിലെ ക്ലാസ്സ് 4 ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കേണ്ട തസ്തികകളിൽ നേരിട്ട് ആളെ നിയമിക്കാനുള്ള നടപടി നിർത്തിവയ്ക്കണമെന്ന് ആവശ്യപ്പെട്ട് ജീവനക്കാർ വൈസ് ചാൻസിലർക്ക് പരാതി നൽകിയ വിവരം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്തുമോ ;

(സി) സ്റ്റാറ്റ്യൂട്ട് പ്രകാരം നേരിട്ടുള്ള നിയമനം അനുവദനീയമാണോ ;

(ഡി) എസ്. എസ്. എൽ. സി. പാസ്സായ ക്ലാസ് 4 ജീവനക്കാരെ പ്രമോഷൻ നൽകി നിയമിക്കാൻവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ ;

(ഇ) കൊച്ചിൻ യൂണിവേഴ്സിറ്റിക്കുവേണ്ടി സ്ഥലം അക്വയർ ചെയ്തപ്പോൾ ഒഴിപ്പിക്കപ്പെട്ടവർക്ക് യൂണിവേഴ്സിറ്റിയുടെ താഴ്ന്ന തസ്തികകളിലേയ്ക്കുള്ള നിയമനങ്ങളിൽ പരിഗണന നൽകാറുണ്ടോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) 50 ശതമാനം തസ്തികകൾ 22-1-2000 -ൽ ചേർന്ന സിൻഡിക്കേറ്റ് തീരുമാനമനുസരിച്ച് യോഗ്യതയിൽ ഇളവുനൽകി 8-ാം ക്ലാസ് പാസ്സായ 3 വർഷം സർവ്വീസുള്ള ക്ലാസ്സ് 4 ജീവനക്കാരിൽ നിന്നും പ്രമോഷൻ നൽകി നടത്തിയിട്ടുണ്ട്.

(സി) നിയമപ്രകാരം അനുവദനീയമാണ്.

(ഡി&ഇ) ഇല്ല.

LIBRARY ARCHIVES Kerala Legislative Assembly